മാതൃഭൂമി
06 May 2017

# മത്സ്യ ഉത്പാദനത്തിൽ രാജ്യം ഒന്നാമതെത്തും - സുദർശൻ ഭഗത്

**കൊച്ചി:** തൊഴിലാളികൾക്ക് ഉപകാരപ്രദമായ കൂടുതൽ ഗവേഷണങ്ങൾ നടത്താൻ സി.എം.എഫ്.ആർ.ഐ.ക്ക് കഴിയുമെന്ന് കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത്.

സി.എം.എഫ്.ആർ.ഐ.യുടെ സമുദ്ര കൂടുമത്സ്യകൃഷി അന്താരാഷ്ട്ര തലത്തിലും പ്രചാരം നേടി വരികയാണ്. ഇത് വരും വർഷങ്ങളിൽ മത്സ്യ ഉത്പാദനത്തിലും വിപണിയിലും ഭാരതത്തെ ഒന്നാം സ്ഥാനത്ത് എത്തിക്കും.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടന്ന മത്സ്യത്തൊഴിലാളികളുടെയും മത്സ്യ കർഷകരുടെയും സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



മത്സ്യത്തൊഴിലാളി ദമ്പതിമാരായ കെ.വി. കാർത്തികേയനും ഭാര്യ കെ.സി. രേഖയ്ക്കും സി.എം.എഫ്.ആർ.ഐ.യിൽ നടന്ന ആദരിക്കൽ ചടങ്ങിൽ കേന്ദ്ര മന്ത്രി സുദർശൻ ഭഗത് മീൻകുഞ്ഞുങ്ങളെ നൽകുന്നു

ഭാരതത്തിന്റെ മൊത്തം വരുമാനത്തിൽ 35 ശതമാനം മത്സ്യമേഖലയിൽ നിന്നാണ് ലഭിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം മൂലം മേഖലയ്ക്കുണ്ടായ പ്രശ്നങ്ങളെക്കുറിച്ചു പഠിച്ച് ബദൽമാർഗങ്ങൾ സ്വീകരിക്കാൻ ശാസ്ത്രമേഖല മുന്നോട്ടുവരണം. മത്സ്യമേഖലയുടെ പുരോഗതിക്ക് കേന്ദ്ര സർക്കാർ കൂടുതൽ ഊന്നൽ നൽകുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

ഇന്ത്യയിലെ ആദ്യത്തെ മത്സ്യത്തൊഴിലാളി ദമ്പതിമാരായ കെ.വി. കാർത്തികേയനെയും ഭാര്യ കെ.സി. രേഖയെയും മന്ത്രി പൊന്നാടയും പുരസ്കാരവും നല്കി ആദരിച്ചു.

കടലിൽ കൂടുമത്സ്യകൃഷി നടത്തുന്നതിനായി കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങളെ ദമ്പതിമാർക്ക് സമ്മാനിച്ചു.

മത്സ്യ ലഭ്യതയിൽ ഗണ്യമായ കുറവുണ്ടായതു പരിഗണിച്ച് മത്സ്യക്ഷാമ പാക്കേജ് പ്രഖ്യാപിക്കണമെന്നും മത്സ്യമേഖലയ്ക്ക് മാത്രമായി കേന്ദ്രത്തിൽ പ്രത്യേക മന്ത്രാലയം രൂപവത്കരിക്കണമെന്നും മറ്റ് കാർഷിക വിളകൾക്ക് നിലവിലുള്ളതുപോലെ കൂടുമത്സ്യ കൃഷിക്കും ഇൻഷുറൻസ് പരിരക്ഷ വേണമെന്നും മത്സ്യത്തൊഴിലാളി കർഷക പ്രതിനിധി സംഗമത്തിൽ മത്സ്യ കർഷകർ ആവശ്യപ്പെട്ടു.

പെരിയാർ മലിനീകരണമടക്കം മത്സ്യത്തൊഴിലാളികളും മത്സ്യ കർഷകരും നേരിടുന്ന പ്രശ്നങ്ങൾ വിശദമായി വിലയിരുത്തുന്നതിന് സി.എം.എഫ്.ആർ.ഐ.യിൽ യോഗം വിളിച്ചു ചേർക്കുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ജി. മഹേശ്വരുഡു എന്നിവർ സംസാരിച്ചു. വിവിധയിനം വറ്റ മത്സ്യങ്ങളെക്കുറിച്ചുള്ള കൈപ്പുസ്തകത്തിന്റെയും 'കൺസർവേഷൻ ആൻഡ് സസ്റ്റൈനബിൾ ഡവലപ്മെന്റ് ഓഫ് സീ കുക്കുമ്പർ ഇൻ ഇന്ത്യ' എന്ന പുസ്തകത്തിന്റെയും പ്രകാശനം കേന്ദ്ര മന്ത്രി നിർവഹിച്ചു.